പതിനാലാം കേരളനിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5239 — 31.10.2016 ലെ മറുപടിയ്ക്ക്

## ദേശീയോദ്ഗ്രഥന സമിതി

ചോദ്യം — ഉത്തരം

**ശ്രീ.ജോൺ ഫെർണാണ്ടസ്**

**ശ്രീ. പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | ദേശീയോദ്ഗ്രഥനത്തിനായി കേന്ദ്ര സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സമിതി ഏതാണെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയോദ്ഗ്രഥന സമിതി (National Integration Council) യാണ് കേന്ദ്ര സർക്കാർ തലത്തിൽ ദേശീയോദ്ഗ്രഥനത്തിനായി പ്രവർത്തിക്കുന്ന സമിതി |
| (ബി)<br><br>(സി) | പ്രസ്തുത സമിതിയുടെ അദ്ധ്യക്ഷനും അംഗങ്ങളും ആരെല്ലാമാണെന്ന് അറിയിക്കുമോ;<br><br>ദേശീയോദ് ഗ്രഥന സമിതി യോഗത്തിൽ സംസ്ഥാന മുഖ്യമന്ത്രിമാർക്കുള്ള അവകാശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | ബഹു. പ്രധാനമന്ത്രി അദ്ധ്യക്ഷനായ ദേശീയോദ്ഗ്രഥന സമിതിയിൽ കേന്ദ്രകാബിനറ്റ് മന്ത്രിമാർ, ലോകസഭയിലെയും രാജ്യസഭയിലെയും പ്രതിപക്ഷനേതാക്കൾ, സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യമന്ത്രിമാർ, കേന്ദ്ര-സംസ്ഥാന രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ, കേന്ദ്ര കമ്മീഷനുകളിലെ ചെയർപേഴ്സൺമാർ, പത്രപ്രവർത്തകർ, മറ്റു വ്യക്തികൾ എന്നിവരെയാണ് അംഗങ്ങളായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. 16-ാം സമിതിയിൽ ആകെ 148 അംഗങ്ങളാണ് ഉണ്ടായിരുന്നത്. |
| (ഡി) | ഏറ്റവും ഒടുവിൽ പ്രസ്തുത സമിതിയോഗം ചേർന്നത് എന്നാണെന്നും ആ യോഗത്തിന്റെ മുഖ്യ വിഷയം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ? | | ദേശീയോദ്ഗ്രഥന സമിതി അവസാനയോഗം ചേർന്നത് 23.09.2013 തീയതിയിലാണ്. മതസൗഹാർദ്ദം, മതസ്പർദ്ധ ഒഴിവാക്കുന്നതിനുള്ള നടപടികൾ, സ്ത്രീ സുരക്ഷ, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു നേരേയുള്ള കുറ്റകൃത്യങ്ങൾ തടയൽ, ഈ വിഭാഗത്തിനുവേണ്ടിയുള്ള വികസന പദ്ധതികൾ നടപ്പാക്കൽ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സഹകരണത്തോടെ വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയായിരുന്നു 16-ാം ദേശീയോദ്ഗ്രഥനസമിതി യോഗത്തിന്റെ മുഖ്യ വിഷയങ്ങൾ |

സെക്ഷൻ ഓഫീസർ